# കുരുമുളക് വില ഡിസംബർ വരെ സജീവമായി തുടരും

**അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ, കേരള കാർഷിക സർവകലാശാല**

മറ്റുള്ള വിളകളുമായി വിലനിലവാരത്തിൽ താരതമ്യം ചെയ്യാനാവാത്ത ഒരു വിളയാണ് കുരുമുളക്. മറ്റുവിളകൾക്ക് ഉൽപ്പാദനകാലയളവിലാണ് സാധാരണഗതിയിൽ വിലകുറയുന്നതെങ്കിൽ കുരുമുളകിന് മറിച്ച് സംഭവിക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. ദേശീയവിപണിയിലെ ഉൽപ്പാദക ഉപഭോഗ സംതുലനത്തേക്കാൾ അന്തർദേശീയ വിപണിയിലെ ചാഞ്ചാട്ടങ്ങളാണ് കുരുമുളകു വിപണിയെ കൂടുതൽ സ്വാധീനിക്കുന്നത്. ഉത്തരേന്ത്യയിലെ തണുപ്പു കാലത്തിന്റെ വരവോടെ ഉപഭോഗത്തിലുണ്ടാവുന്ന വർദ്ധനവും ലോകരാജ്യങ്ങളിലെ വില നിലവാരവും എല്ലാറ്റിനുമുപരി അവധി വ്യാപാരത്തിന്റെ സ്വാധീനവും ഈ വിളയുടെ വിലയിൽ കാര്യമായി സ്വാധീനം ചെലുത്തുന്നുണ്ട്.

പ്രവചനാതീതമായി തുടരുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾക്കിടയിലും ഏതൊരു കർഷകനേയും കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. ദുരന്തങ്ങൾ ഒരു ഭാഗത്ത് വേട്ടയാടുമ്പോഴും മറുഭാഗത്ത് ഉൽപ്പന്നത്തിന്റെ ഉയർന്നവില അവന്റെ പ്രതീക്ഷ നിലനിർത്തുന്ന ഒരു ഘടകമാണ്. എന്നാൽ വിപണിയിലെ അപ്രതീക്ഷിതമായചാഞ്ചാട്ടങ്ങൾ കർഷകമനസ്സുകളിൽ ആകുലതകൾ വിതയ്ക്കുമ്പോഴും വരുംകാല നല്ല  വില ഒരുഭാഗത്ത് ആശ്വാസത്തിന്റെ തലോടൽ നൽകുന്നുണ്ടാകും. വിപണിയെക്കുറിച്ച് ബോധമുള്ള ഏതൊരു സാധാരണ കർഷകനും തന്റെ ഉൽപ്പന്നത്തിന് ഏതു വിപണിയിൽ എപ്പോൾ ഉയർന്ന വില കിട്ടുമെന്ന് വ്യക്തമായി അറിയേണ്ടതുണ്ട്.

കർഷകരുടെയും വ്യാപാരികളുടെയും വിപണിയെക്കുറിച്ചുള്ള ആകുലതകൾക്കറുതി വരുത്തുന്നതിനുവേണ്ടി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ആരംഭിച്ചിട്ടുള്ള നൂതന സംരംഭമാണ് അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ. 1995 മുതലുള്ള പ്രതിമാസ കുരുമുളകു വിലയെ ശാസ്ത്രീയമായ നൂതന മാർഗ്ഗങ്ങളിലൂടെ വിശകലനം ചെയ്തതു പ്രകാരം ഈ സെന്ററിൽ നിന്നും ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കുരുമുളകുവില പ്രവചന പത്രിക പുറത്തിറക്കിയിട്ടുണ്ട്. ഇതു പ്രകാരം ഗണ്യമായ വിലവർദ്ധനവ് ഈ മാസങ്ങളിൽ പ്രതീക്ഷിക്കുന്നില്ലെങ്കിലും ഒക്ടോബറിൽ കിലോഗ്രാമിന് 138 മുതൽ 145 രൂപ വരെയുംനവംബറിൽ 132 മുതൽ 140 രൂപ വരെയും ഡിസംബറിൽ 131 മുതൽ 138 രൂപ വരെയും എത്താനിടയുള്ളതായി കണക്കാക്കപ്പെടുന്നു.

ആഗോളതലത്തിലുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ നിന്നും അമേരിക്കൻ, യുറോപ്യൻ രാജ്യങ്ങൾ കര കയറുവാൻ തുടങ്ങുന്നതും, കച്ചവടക്കാരുടെ കൈവശം ഉള്ള പരിമിതമായ സ്റ്റോക്കും, ഉത്തരേന്ത്യയിൽ തണുപ്പുകാലത്തിന്റെ വരവോടെ വർദ്ധിച്ചുവരുന്ന കുരുമുളകിന്റെ ഉപയോഗവും കൂടി കണക്കിലെടുത്താണ് ഇത്തരമൊരു നിഗമനത്തിൽ എത്തിച്ചേർന്നത്. കുരുമുളകുമായി ബന്ധപ്പെട്ട സ്രോതസ്സുകളിൽ നിന്നും അറിയാൻ കഴിഞ്ഞത് വിയറ്റ്നാം കുരുമുളക് അസോസിയേഷൻ 2009 ഏപ്രിൽ മുതൽ അവരുടെ അംഗരാജ്യങ്ങളെ വ്യാപകമായി കുരുമുളക് വിറ്റഴിക്കുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്തിയിരുന്നു എന്നതാണ്. ഈ അംഗങ്ങൾ തങ്ങളുടെ കൈവശമുള്ള സ്റ്റോക്ക് എത്രയും പെട്ടെന്ന് വിറ്റു തീർക്കാൻ നിർബന്ധിതരായാൽ അത് ചെറിയതോതിൽ കുരുമുളക് വിലയിടിയാൻ കാരണമാകുമെങ്കിലും ഇതൊരു താൽക്കാലിക തിരിച്ചടി മാത്രമായിരിക്കും.

# കുരുമുളകു വിപണിയിൽ വൻ ചാഞ്ചാട്ടത്തിനിടയില്ല

**കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ**

പ്രവചനാതീതമായി തുടരുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾക്കിടയിലും കർഷകനെ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. ദുരന്തങ്ങൾ ഒരു ഭാഗത്ത് വേട്ടയാടുമ്പോഴും മറുഭാഗത്ത് ഉൽപ്പന്നത്തിന്റെ ഉയർന്നവില അവന്റെ പ്രതീക്ഷ നിലനിർത്തുന്ന ഒരു ഘടകമാണ്. എന്നാൽ വിപണിയിലെ അപ്രതീക്ഷിതമായചാഞ്ചാട്ടങ്ങൾ കർഷകമനസ്സുകളിൽ ആകുലതകൾ വിതയ്ക്കുമ്പോഴും വരുംകാല വില ഒരുഭാഗത്ത് ആശ്വാസത്തിന്റെ തലോടൽ നൽകുന്നുണ്ടാകും. വിപണിയെക്കുറിച്ച് ബോധമുള്ള ഏതൊരു സാധാരണ കർഷകനും തന്റെ ഉൽപ്പന്നത്തിന് ഏതു വിപണിയിൽ എപ്പോൾ ഉയർന്ന വില കിട്ടുമെന്ന് വ്യക്തമായി അറിയേണ്ടതുണ്ട്.

കർഷകരുടെയും വ്യാപാരികളുടെയും വിപണിയെക്കുറിച്ചുള്ള ആകുലതകൾക്കറുതി വരുത്തുന്നതിനുവേണ്ടി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ആരംഭിച്ചിട്ടുള്ള നൂതന സംരംഭമാണ് അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ. 1995 മുതലുള്ള പ്രതിമാസ കുരുമുളകു വിലയെ ശാസ്ത്രീയമായ നൂതന മാർഗ്ഗങ്ങളിലൂടെ വിശകലനം ചെയ്തതു പ്രകാരം ഈ സെന്ററിൽ നിന്നും ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കുരുമുളകുവില ്പ്രവചന പത്രിക പുറത്തിറക്കിയിട്ടുണ്ട്. ഇതു പ്രകാരം ഗണ്യമായ വിലവർദ്ധനവ് ഈ മാസങ്ങളിൽ പ്രതീക്ഷിക്കുന്നില്ലെങ്കിലും ഒക്ടോബറിൽ കിലോഗ്രാമിന് 138 മുതൽ 145 രൂപ വരെയുംനവംബറിൽ 132 മുതൽ 140 രൂപ വരെയും ഡിസംബറിൽ 131 മുതൽ 138 രൂപ വരെയും എത്താനിടയുളളതായി കണക്കാക്കപ്പെടുന്നു.

മറ്റുള്ള വിളകളുമായി വിലനിലവാരത്തിൽ താരതമ്യം ചെയ്യാനാവാത്ത ഒരു വിളയാണ് കുരുമുളക്. മറ്റുവിളകൾക്ക് ഉൽപ്പാദനകാലയളവിലാണ് സാധാരണഗതിയിൽ വിലകുറയുന്നതെങ്കിൽ കുരുമുളകിന് മറിച്ചാണ് സംഭവിക്കുന്നത്. ദേശീയവിപണിയിലെ ഉൽപ്പാദക ഉപഭോഗ സംതുലനത്തേക്കാൾ അന്തർദേശീയ വിപണിയിലെ ചാഞ്ചാട്ടങ്ങളാണ് കുരുമുളകു വിപണിയെ കൂടുതൽ സ്വാധീനിക്കുന്നത്. ഉത്തരേന്ത്യയിലെ തണുപ്പു കാലത്തിന്റെ വരവോടെ ഉപഭോഗത്തിലുണ്ടാവുന്ന വർദ്ധനവും ലോകരാജ്യങ്ങളിലെ വില നിലവാരവും എല്ലാറ്റിനുമുപരി ഓഹരി വിപണിയുടെ സ്വാധീനവും ഈ വിളയുടെ വിലയിൽ കാര്യമായി സ്വാധീനം ചെലുത്തുന്നുണ്ട്.
കുരുമുളകുമായി ബന്ധപ്പെട്ട സ്രോതസ്സുകളിൽ നിന്നും അറിയാൻ കഴിഞ്ഞത് വിയറ്റ്നാം കുരുമുളക് അസോസിയേഷൻ 2009 ഏപ്രിൽ മുതൽ അവരുടെ അംഗരാജ്യങ്ങളെ വ്യാപകമായി കുരുമുളക് വിറ്റഴിക്കുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു എന്നതാണ്. ഈ അംഗരാജ്യങ്ങൾ തങ്ങളുടെ കൈവശമുള്ള സ്റ്റോക്ക് എത്രയും പെട്ടെന്ന് വിറ്റു തീർക്കാൻ നിർബന്ധിതരായാൽ അത് ചെറിയതോതിൽ കുരുമുളക് വിലയിടിയാൻ കാരണമാകുമെങ്കിലും ഇത് താൽക്കാലികമായിരിക്കും.